**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1976** **04-02-2026 - ൽ മറുപടിയ്ക്ക്**

**തെരുവ് നായകളുടെ വന്ധ്യംകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായി നിലവിലെ സർക്കാരിന്റെ കാലത്ത് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായുള്ള എ.ബി.സി പദ്ധതി മൃഗസംരക്ഷണ വകുപ്പും, തദ്ദേശ സ്വയം ഭരണ വകുപ്പും സംയുക്തമായാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയ്ക്ക് വേണ്ടി ഫണ്ട് ചെലവഴിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. മൃഗസംരക്ഷണ വകുപ്പ് ഫണ്ട് ചെലവഴിക്കുന്നില്ല. ഈ സർക്കാരിന്റെ കാലത്ത് തെരുവ് നയ്ക്കളുടെ വന്ധ്യംകരണത്തിനായി ആകെ 24,36,20,816/- രൂപ ചെലവഴിച്ചിട്ടുണ്ട്.** |
| (ബി) | കാസർഗോഡ് ജില്ലയിൽ തെരുവ് നായ്ക്കളുടെ വന്ധ്യംകരണ പ്രവർത്തനങ്ങൾക്കായി നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | കാസർകോട് ജില്ലയിൽ തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായി (ABC Program) ജില്ലാ ഭരണകൂടവും മൃഗസംരക്ഷണ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വിവിധ നടപടികൾ സ്വീകരിച്ച വരുന്നു. ആനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരം ലഭിച്ചതിനെത്തുടർന്ന് 23/08/2025 മുതൽ കാസർഗോഡ് ജില്ലയിലെ മുളിയാർ എ.ബി.സി സെന്ററിൽ തെരുവ് നായ്ക്കളുടെ വന്ധ്യംകരണ ശസ്ത്രക്രിയകൾ ചെയ്തുവരുന്നു. ഡിസംബർ 31 വരെ 851 നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ട്. വന്ധ്യംകരണത്തോടൊപ്പം തന്നെ പേവിഷബാധ തടയുന്നതിനായി ആന്റി-റാബീസ് വാക്സിനേഷൻ (Anti-Rabies Vaccination) ഡ്രൈവുകളും വ്യാപകമായി നടത്തുന്നു. |
| (സി) | മേൽ പരാമർശിച്ച പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള ധനസഹായം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | എ.ബി.സി പദ്ധതിയ്ക്കായി കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നില്ല. നിലവിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് വകയിരുത്തിയാണ് എ.ബി.സി പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ